**<u>ഘാന പ്രസിഡന്റിന്റെ ഔദ്യോഗിക ഇന്ത്യാ സന്ദർശനം</u>**
**<u>(നവംബർ 10-13, 2013)</u>**

നവംബർ 04, 2013
റിപ്പബ്ലിക് ഓഫ് ഘാനയുടെ പ്രസിഡന്റ് ആദരണീയനായ ശ്രീ ജോൺ ദ്രമണി മഹാമ (Mr. John Dramani Mahama ), ഔദ്യോഗിക സന്ദർശനത്തിനായി ഇന്ത്യയില് എത്തുന്നു . നവംബർ 10 മുതൽ 13 വരെ ആണ് സന്ദർശനം (നവംബർ 10 to 13, 2013). ഇന്ത്യയുടെ രാഷ്ട്രപതിയുടെ ക്ഷണം സ്വീകരിച്ചാണ് സന്ദർശനം. പ്രസിഡന്റിനൊപ്പം, ഉന്നതതല ഗവൺമെന്റ് ഉദ്യോഗസ്ഥർക്കു പുറമെ ഗ്രേറ്റർ അക്ര മേഖലയിലെയും , വിദേശകാര്യം, ധനകാര്യം & സാമ്പത്തിക ആസൂത്രണം , വ്യാപാര-വ്യവസായം , വിവരസാങ്കേതികം- മാധ്യമ ബന്ധങ്ങൾ തുടങ്ങിയ ഘാന മന്ത്രിസഭയിലെ മന്ത്രിമാരും ഉൾപ്പെടുന്ന പ്രതിനിധി സംഘവും പ്രസിഡന്റിനൊപ്പം ഇന്ത്യയിൽ എത്തുന്നു .

സന്ദർശനത്തിന് എത്തുന്ന ഘാനപ്രസിഡന്റിനെ രാഷ്ട്രപതി സ്വീകരിക്കും. ഘാന പ്രസിഡന്റിനോടുള്ള ആദരസൂചകമായി രാഷ്ട്രപതി ഒരു വിരുന്നും സംഘടിപ്പിക്കുന്നുണ്ട് . ഇന്ത്യയുടെ പ്രധാനമന്ത്രിയുമായി ഘാന പ്രസിഡന്റ് പരസ്പരം താത്പര്യമുള്ള മേഖലാ, അന്താരാഷ്ട്ര ഉഭയകക്ഷി ചർച്ചകള് നടത്തും. കേന്ദ്ര വിദേശകാര്യ മന്ത്രി, വ്യാപാര വ്യവസായ മന്ത്രി എന്നിവര് ഘാന പ്രസിഡന്റുമായി കൂടിക്കാഴ്ചകള് നടത്തും. ഫിക്കി, സിഐഐ, അസോചം എന്നിവർ സംയുക്തമായി സംഘടിപ്പിക്കുന്ന ഒരു വ്യാപാര സമ്മേളനത്തിൽ ഘാന പ്രസിഡന്റ് മഹാമ സംസാരിക്കും .

ഇന്ത്യയും ഘാനയും തമ്മിൽ വളരെ അടുപ്പമുള്ള

സൌഹൃദം ആണ് ഉള്ളത് . സാമ്പത്തിക ഇടപാടുകള് അതിനു ഉദാഹരണമാണ് .ഘാനയുടെ പ്രകൃതിവിഭവങ്ങൾ , അവരുടെ അടിസ്ഥാന സൌകര്യങ്ങൾ വ്യവസായം എന്നിവയിലെ വികസനങ്ങൾ എന്നിവ ഇരു രാജ്യങ്ങളും തമ്മിൽ ശക്തമായ വ്യാപാരത്തിനും നിക്ഷേപങ്ങൾക്കും പ്രധാനപ്പെട്ട സാധ്യതകളാണ് .

**ന്യൂ ഡെൽഹി**

**നവംബർr 4, 2013**